നം.എച്ച്2/69762/2015/ഡിപിഐ

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം**
**തിരുവനന്തപുരം,**
തീയതി : 16.09.2015

**<u>സർക്കുലർ</u>**

വിഷയം:- **പൊതുവിദ്യാഭ്യാസം - എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) ലഭ്യമാക്കുന്നതിന് അടിയന്തിര ക്രമീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :- 1. 02.11.2012 ലെ പൊതുവിദ്യാഭ്യാസ (ജി) വകുപ്പിന്റെ 52957/G2/2012/G.Edn നമ്പർ സർക്കുലർ

2. 18.04.2015 ലെ ഈ ഓഫീസ് സർക്കുലർ നം.എൻ.ഇ.പി (3) 30482/2015/ഡിപിഐ

സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും യു.ഐ.ഡി നമ്പർ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കണമെന്ന് ഈ ഓഫീസിൽ നിന്നും തുടർച്ചയായി എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ-മാർക്കും സ്കൂൾ അധികൃതർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂളുകളിലെ തസ്തിക നിർണയം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ യു.ഐ.ഡി അധിഷ്ഠിതമായാണ് നടപ്പിലാക്കുന്നതെന്ന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എല്ലാ വിദ്യാർത്ഥികൾക്കും യു.ഐ.ഡി ലഭിക്കാത്ത സ്കൂളുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും അടിയന്തിരമായി യു.ഐ.ഡി ലഭ്യമാക്കേണ്ടതാണ്. ഇതിനായി കേരള സംസ്ഥാന ഐടി മിഷന്റെ സഹായത്തോടെ അക്ഷയ വഴി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ വിദ്യാർത്ഥികൾക്കും യു.ഐ.ഡി ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസ വകുപ്പ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരവരുടെ അധികാരപരിധിയിൽ ഉൾപ്പെടുന്ന സ്കൂളുകളിൽ യു.ഐ.ഡി ലഭിക്കാത്തതും ആധാർ എൻട്രോൾമെന്റ് പ്രവർത്തനങ്ങൾ ഇതുവരെ നടത്താത്തതുമായ വിദ്യാർത്ഥികളുടെ സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ 2015 സെപ്റ്റംബർ 23-ാം തീയതിക്കു മുമ്പ് ശേഖരിക്കേണ്ടതാണ്.
2. എല്ലാ വിദ്യാഭ്യാസ ഉപജില്ലാതലത്തിലും യു.ഐ.ഡി എൻട്രോൾമെന്റിനുള്ള പ്രത്യേക ക്യാമ്പ് ഒക്ടോബർ 9-ാം തീയതിക്കുമുമ്പ് അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുമായി ആലോചിച്ച് ക്രമീകരിക്കേണ്ടതാണ്.
3. ആധാർ എൻട്രോൾമെന്റിൽ പങ്കെടുക്കുന്നതിനുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ക്യാമ്പ് രണ്ട് ഘട്ടങ്ങളിലായി ഒക്ടോബർ 13, 14 തീയതികളിലായി നടത്തേണ്ടതാണ്.
4. ക്യാമ്പ് സംഘടിപ്പിക്കുന്നതിന് സാങ്കേതിക സഹായങ്ങൾ ആവശ്യമെങ്കിൽ ഐടി@സ്കൂൾ പ്രോജക്ടിന്റെ അതതു ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
5. ഓരോ ക്ലാസിലേയും എല്ലാ വിദ്യാർത്ഥികളുടെയും യു.ഐ.ഡി എൻറോൾമെന്റ് പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണം അതത് ക്ലാസ് ടീച്ചർമാർ ഒരുക്കേണ്ടതാണ്.

6. ഓരോ സ്കൂളിലേയും എല്ലാ വിദ്യാർത്ഥികളും യു.ഐ.ഡി എൻറോൾമെന്റ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് അതത് സ്കൂൾ ഹെഡ്മാസ്റ്റർ ഉറപ്പുവരുത്തേണ്ടതാണ്.
7. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും യു.ഐ.ഡി ലഭ്യമാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.
8. സ്കൂൾ വിദ്യാർത്ഥികൾക്ക് യു.ഐ.ഡി ലഭ്യമാക്കുന്നതിന് സമയബന്ധിതമായ പ്രവർത്തനങ്ങൾ അതതു തലങ്ങളിലുള്ള ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതാണ്. വീഴ്ചവരുത്തുന്നതവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.
9. യു.ഐ.ഡി എൻറോൾമെന്റ് സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു:

| | |
|---|---|
| ജില്ലാതലം | വിദ്യാഭ്യാസ ഉപഡയറക്ടർ,<br>ജില്ലാകോർഡിനേറ്റർ, ഐ.ടി @ സ്കൂൾ പ്രോജക്ട് |
| വിദ്യാഭ്യാസ ജില്ലാതലം | ജില്ലാ വിദ്യാഭ്യാസ ഓഫീസർ<br>മാസ്റ്റർട്രെയിനർ കോർഡിനേറ്റർ, ഐ.ടി @ സ്കൂൾ പ്രോജക്ട് |
| വിദ്യാഭ്യാസ ഉപ ജില്ലാതലം | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ<br>മാസ്റ്റർട്രെയിനർ , ഐ.ടി @ സ്കൂൾ പ്രോജക്ട്<br>യു.ഐ.ഡി കോർഡിനേറ്റർ, ബി.ആർ.സി |
| സ്കൂൾ തലം | അതത് സ്കൂൾ പ്രഥമാധ്യാപകർ |
| ക്ലാസ് തലം | അതത് ക്ലാസ് ടീച്ചർ |

യു.ഐ.ഡി ലഭിക്കുന്ന വിദ്യാർത്ഥികളുടെയും ഇ.ഐ.ഡി ലഭിക്കുന്ന വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ www.education.kerala.gov.in, www.itschool.gov.in എന്നീ വെബ്സൈറ്റിലെ sixth working day 2015 എന്ന ലിങ്കിൽ ഒക്ടോബർ 15-നകം ഉൾപ്പെടുത്തേണ്ടതാണ്.

M S Jaya

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ -മാർക്കും

പകർപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
പ്രോജക്ട് ഡയറക്ടർ, അക്ഷയ (കേരള)
സ്റ്റോക്ക് ഫയൽ